# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2481 — 12/06/2018-ൽ മറുപടിക്ക്

### വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

| | ചോദ്യം<br><br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉത്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള ഉത്പാദനം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി വരുന്ന മൂന്നു വർഷക്കാലത്തിനുള്ളിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരപദ്ധതികളിൽ നിന്നും ഉത്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 500 മെഗാവാട്ട്, പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും വരുന്ന രണ്ടു വർഷം കൊണ്ട് ഉത്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉത്പാദനം വർദ്ധിപ്പിക്കുവാൻ ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്ന '10' ജലവൈദ്യുത പദ്ധതികൾ (ആകെ 190.5 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. കൂടാതെ, പുതിയതായി '13' ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക വഴി '125' മെഗാവാട്ടിന്റെ അധിക സ്ഥാപിതശേഷി കൂടി ലക്ഷ്യമിടുന്നു. ഇതു സംബന്ധിച്ച് വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.<br><br>എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മോൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതകളിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ചെറുകിട ജല വൈദ്യുത പദ്ധതി നയം അനുസരിച്ച് സംരഭകർക്ക് പദ്ധതികൾ BOOT (Built, own, operate) അടിസ്ഥാനത്തിൽ അനുവദിച്ചു വരുന്നു. 11.12.17 ലെ 25/2017/PD നമ്പർ സർക്കാർ ഉത്തരവു |

(2)

| | | | |
|---|---|---|---|
| | | | പ്രകാരം 47.4 മെഗാവാട്ട് സ്ഥാപിത ശേഷി വരുന്ന 20 പദ്ധതികൾ സ്വകാര്യ സംരഭകർക്കായി അനുവദിച്ചിട്ടുണ്ട്.<br><br>വിദൂര ഗ്രാമങ്ങളിൽ കേന്ദ്ര നവീന നവീകരണീയ മന്ത്രാലയത്തിന്റെ സഹായത്തോടുകൂടി ചെറുവെള്ളച്ചാട്ടങ്ങളിൽ നിന്നും 1 കിലോ വാട്ട് മുതൽ 5 കിലോ വാട്ട് വരെ ശേഷിയുള്ള പീക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>ചെറു വെള്ളച്ചാട്ടങ്ങൾ, നീരൊഴുക്കുകൾ എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി - വിവിധ തരം ടർബൈനുകൾ ഉപയോഗിച്ച് - മാതൃകാ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഇത്തരത്തിൽ കൃതിമച്ചുഴി സൃഷ്ടിച്ച് ടർബൈൻ കറക്കി 20 കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരു പദ്ധതി തിരുവനന്തപുരം ജില്ലയിലെ കിള്ളിയാറിൽ ആരംഭിക്കുന്നതിനുള്ള പണി അവസാന ഘട്ടത്തിലാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അധികമായി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ സംരംഭകരുടേതുൾപ്പെടെ 22.10 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുതി പദ്ധതികൾ, 17 മെഗാവാട്ട് ശേഷിയുള്ള കാറ്റിൽനിന്നുള്ള പദ്ധതികൾ, 92.967 മെഗാവാട്ട് ശേഷിയുള്ള സൗരപദ്ധതികൾ (ഉപഭോക്താക്കളുടെ പുരപ്പുറം പ്ലാന്റുകൾ ഉൾപ്പെടെ) എന്നിങ്ങനെ മൊത്തം 132.067 മെഗാവാട്ട് ഉത്പാദന വർദ്ധന സാധ്യമാക്കി.<br>സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി സ്വകാര്യ സംരഭകർക്കായി അനുവദിച്ച പദ്ധതിയായ 8 മെഗാവാട്ടിന്റെ പാതംകയം പദ്ധതിയും 4. 5 മെഗാവാട്ടിന്റെ കാരിക്കയം ജലവൈദ്യുത പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കമ്മീഷൻ ചെയ്ത് വൈദ്യുതി കെ. എസ്. ഇ. ബി. ക്ക് നൽകി വരുന്നുണ്ട്.<br>അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ കഴൽമന്ദത്ത് 2 MW ശേഷിയുള്ള ഒരു സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്. ഇ.ബി.എൽ-ന്റെ ഗ്രിഡിലേയ്ക്കാണ് കടത്തി |

| | | | |
|---|---|---|---|
| | | | വിടുന്നത്. 2016 ഡിസംബർ 9 ന് പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം ഇന്നുവരെ 40 ലക്ഷം യൂണിറ്റിലധികം വൈദ്യുതി പ്രസ്തുത പ്ലാന്റ് വഴി ഉല്പാദിപ്പിച്ചിട്ടുണ്ട്. |
| (സി) | ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനെതിരെ പരിസ്ഥിതി സംഘടനകൾ ഉയർത്തുന്ന എതിർപ്പിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ബദൽ മാർഗ്ഗം തേടുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഖനിജ ഇന്ധനങ്ങളെ ആശ്രയിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള പദ്ധതികളൊന്നും വൈദ്യുതി ബോർഡിന്റെ സത്വര പരിഗണനയിൽ ഇല്ല.<br>ജലവൈദ്യുതപദ്ധതികൾ ആരംഭിക്കുന്നതിനെതിരെ പരിസ്ഥിതി സംഘടനകൾ എതിർപ്പുകൾ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിൽ കേരളത്തിൽ സാധ്യമായ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്. ഇതോടൊപ്പം തന്നെ പരിസ്ഥിതിസൗഹൃദ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ്, ബയോ എനർജി എന്നിവയിലൂടെ ഉല്പാദന വർദ്ധനവിനും സർക്കാർ ലക്ഷ്യമിടുന്നുണ്ട്.<br>ബദൽ മാർഗ്ഗമായി സൗരോർജ്ജ രംഗത്ത് 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് ലക്ഷ്യം ഇടുന്നുണ്ട്. വിവിധ സർക്കാർ ഓഫീസുകൾ, സ്വകാര്യ കെട്ടിടങ്ങൾ, ജലോപരിതലം, കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങൾ എന്നിവയുടെ മുകളിൽ സൗരപ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതികളാണിതിൽ ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

നിർമ്മാണം നടന്നു വരുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികൾ | സ്ഥാപിത ശേഷി MW | വാർഷിക ഉത്പാദന ശേഷി (ദശലക്ഷം യൂണിറ്റ്) |
|---|---|---|---|
| 1 | കക്കയം | 3 | 10.39 |
| 2 | ഭൂതത്താൻകെട്ട് | 24 | 83.50 |
| 3 | [illegible] | 24 | 45.62 |
| 4 | പള്ളിവാസൽ | 60 | 153.90 |
| 5 | തോട്ടിയാർ | 40 | 99.00 |
| 6 | ചെങ്കുളം ഓഗ്മെന്റേഷൻ -85 MU | - | 85.00 |
| 7 | ചിന്നാർ | 24 | 76.45 |
| 8 | അപ്പർ കല്ലാർ | 2 | 5.14 |
| 9 | ചാത്തൻകോട്ടുനട - II | 6 | 14.76 |
| 10 | പഴശ്ശി സാഗർ | 7.5 | 25.16 |
| | ആകെ | 190.5 | 558.32 |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

## പുതിയ ജലവൈദ്യുത പദ്ധതികൾ

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി (MW) | ഉൽപ്പാദനശേഷി (MU) |
|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 | 24.7 |
| 2 | അപ്പർ ചെങ്കുളം | 24 | 53.22 |
| 3 | ലാഡ്രം | 3.5 | 12.13 |
| 4 | ഒലിക്കൽ | 5 | 10.26 |
| 5 | പൂവാരംതോട് | 3 | 5.88 |
| 6 | മാർമ്മല | 7 | 23.02 |
| 7 | ചെമ്പുക്കടവ് - III | 7.5 | 17.715 |
| 8 | മാങ്കുളം | 40 | 82 |
| 9 | പീച്ചാട് | 3 | 7.74 |
| 10 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| 11 | മാരിപ്പുഴ | 6 | 14.84 |
| 12 | വാളാംതോട് | 7.5 | 15.291 |
| 13 | ആനക്കയം | 7.5 | 22.83 |
| | ആകെ | 125.0 | 307.036 |

സെക്ഷൻ ഓഫീസർ